# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: * 239 05/10/2016-ൽ മറുപടിക്ക്

## പോക്സോ കേസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി. വി. അൻവർ**<br>**ശ്രീ. കെ.കുഞ്ഞിരാമൻ**<br>**ശ്രീ. ബി.ഡി. ദേവസ്സി**<br>**ശ്രീമതി വീണാ ജോർജ്ജ്:** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങളിൽ ഗോത്രാചാര പ്രകാരം പ്രായപൂർത്തിയാകാത്തവർ തമ്മിൽ വിവാഹം കഴിച്ചത് മൂലം നിരവധി പേർ പോക്സോ കേസ്സുകളിൽപ്പെട്ട് വിചാരണ നേരിട്ടുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇത്തരം കേസ്സുകളിൽപ്പെട്ട മാതാപിതാക്കൾ ജയിലിൽ അടയ്ക്കപ്പെടുന്നതുമൂലം ഇവരുടെ കുട്ടികൾ അനാഥമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) & സി) | ഇല്ല |
| സി) | എങ്കിൽ ഈ കുട്ടികളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | |
| ഡി) | പോക്സോ നിയമത്തെക്കുറിച്ച് ആദിവാസികൾക്കിടയിൽ വ്യാപകമായ പ്രചരണവും ബോധവൽക്കരണവും നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും ഇതിനായി ട്രൈബൽ പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുമോ എന്നും വെളിപ്പെടുത്താമോ? | ഡി) | പോക്സോ നിയമത്തെക്കുറിച്ച് ആദിവാസികൾക്കിടയിൽ വ്യാപകമായ പ്രചരണവും ബോധവൽക്കരണവും നടത്തുന്നതിന് ഊരുകൂട്ട യോഗങ്ങളും സെമിനാറുകളും കൂടുമ്പോൾ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാർ നിയമത്തെക്കുറിച്ച് ക്ലാസ്സുകൾ നൽകാറുണ്ട്. കൂടാതെ ഊരുകൂട്ട സെമിനാറുകൾ സംഘടിപ്പിക്കുംപോൾ ടി വിഷയത്തെ ആസ്പദമാക്കി പ്രത്യേക അവബോധ ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ പട്ടിക വർഗ്ഗ പ്രൊമോട്ടർമാരുടേയും സാമൂഹിക പ്രവർത്തകരുടെയും സേവനം പ്രയോജനപ്പെടുത്തി വ്യാപകമായ പ്രചാരണവും നടത്തി വരുന്നുണ്ട്. മഹിളാ സമഖ്യ പോലുള്ള സന്നദ്ധ സംഘടനകളും ടി വിഷയത്തിൽ ബോധവത്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്. |

Dup

**സെക്ഷൻ ഓഫീസർ**